**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1011** **07-12-2022 - ൽ മറുപടിയ്ക്ക്**

**കണ്ടൽക്കാട് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ; | (എ) | Conservation and management of Mangroves (60 % CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം വനം വകുപ്പ് കണ്ടൽത്തൈകളും,തീരപ്രദേശങ്ങളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവ ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതു ജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കൂടാതെ കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാൻറ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തിവരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (ആർ.റ്റി) 485/16/വനം തീയതി 24/12/16-ലെ മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകി വരുന്നു. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും, കുട്ടികളിലും എത്തിക്കുന്നതിലേക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു.<br><br>കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ (ചേറ്റുവ) 3.3853 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 54.6952 ഹെക്ടറും കണ്ടൽ വനങ്ങൾ 1961-ലെ കേരള വനനിയമം സെക്ഷൻ 19 പ്രകാരം റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം (174.7914), തൃശ്ശൂർ (വെന്മനാട്-94.77 ഹെക്ടർ), |

| | | | |
|---|---|---|---|
| | | | മലപ്പുറം (20.78 ഹെക്ടർ) കോഴിക്കോട് (2.82 ഹെക്ടർ), എറണാകുളം പുതുവൈപ്പ് (65.83 ഹെക്ടർ) എന്നിങ്ങനെ ആകെ 358.9914 ഹെക്ടർ കണ്ടൽ വനങ്ങൾ കേരള വനനിയമം സെക്ഷൻ(4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് ഫോറസ്റ്റ് ആയി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നു. |
| (ബി) | സ്വകാര്യ വ്യക്തികളിൽ നിന്നും കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; | (ബി) | സ്വകാര്യ വ്യക്തികളിൽ നിന്നും കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നത് ഇഫ്.എഫ്.എൽ ആക്റ്റ് 2003 വകുപ്പ് 4(1)-ലെ വ്യവസ്ഥകൾ പ്രകാരമാണ്. ഇ.എഫ്.എൽ നിയമത്തിലെ 15-മത് വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഉപദേശകസമിതിയുടെ ശിപാർശപ്രകാരമാണ് ഒരു ഭൂപ്രദേശം ഇ.എഫ്.എൽ ആയി പ്രഖ്യാപിക്കുന്നത്. നിലവിൽ ഉടമയുടെ സമ്മതപ്രകാരം മാത്രമാണ് കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നത്. ഇ.എഫ്.എൽ നിയമത്തിലെ 4(4) വകുപ്പ് പ്രകാരം നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയെ സംബന്ധിച്ച് അതിന്റെ ഉടമയ്ക്ക് സ്ഥലത്തെ സ്ഥായിയായ ദേഹണ്ഡങ്ങൾ ഉൾപ്പെടെ നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഇത് പ്രകാരം നോട്ടിഫൈ ചെയ്ത ഭൂമി വനനിയമപ്രകാരം റിസർവ്വയായി കണക്കാക്കുന്നതാണ്. |
| (സി) | കഴിഞ്ഞ 6 വർഷത്തിനുള്ളിൽ എത്ര സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുത്തിട്ടുണ്ട്; വിശദമാക്കുമോ; | (സി) | സ്വകാര്യ കണ്ടൽക്കാടുകൾ ഇതുവരെ ഏറ്റെടുത്തിട്ടില്ല. |
| (ഡി) | എറണാകുളം ജില്ലയിലെ കണ്ടൽക്കാടുകൾ സംബന്ധിച്ച വിവരങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (ഡി) | എറണാകുളം ജില്ലയിലെ കണ്ടൽക്കാടുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

എറണാകുളം ജില്ലയിലെ കണ്ടൽക്കാടുകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം. | നിയോജകമണ്ഡലം | സ്ഥലം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| 1 | കൊച്ചി | ചെല്ലാനം, കുമ്പളങ്ങി | 106.88 |
| 2 | പറവൂർ | ചിറ്റാറ്റുകര, ഏഴിക്കര, കൊട്ടുവള്ളി, പറവൂർ | 8.56 |
| 3 | വൈപ്പിൻ | എടവനക്കാട്,എളങ്കുന്നപ്പുഴ, കടമക്കുടി, മുളവുകാട്, നായരമ്പലം, ഞാറയ്ക്കൽ, പള്ളിപ്പുറം | 328.41 |
| 4 | കളമശ്ശേരി | ഏലൂർ, കരിമാലൂർ | 1.66 |
| 5 | തൃപ്പൂണിത്തുറ | കുമ്പളം, മരട്, ഉദയംപേരൂർ,, തൃപ്പൂണിത്തുറ | 125.55 |
| 6 | എറണാകുളം | കൊച്ചി | 21.40 |